രാജ്യമിന്ന് നേരിടുന്ന ഏറ്റവും വലിയ ആഭ്യന്തര പ്രശ്നം നക്സൽ ഭീകരതയാണെന്ന് കണ്ടെത്തിയ സർക്കാർ സർവ്വ സന്നാഹ സൈന്യവുമായി അതിനെ നേരിടാൻ കോപ്പുകൂട്ടികഴിഞ്ഞു. വെടിയുണ്ടകൾ കൊണ്ട് നടത്തുന്ന ഈ ക്രമസമാധാന സംരക്ഷണ പ്രവർത്തനത്തിന് ഒരു ഓമനപ്പേരും കിട്ടിയിട്ടുണ്ട്, ഓപ്പറേഷൻ ഗ്രീൻ ഹണ്ട്(ഹരിത വേട്ട). പ്രകൃതി വിഭവങ്ങൾ കൊണ്ട് ഇന്ത്യയിലെ ഏറ്റവും സമ്പന്നമായ പ്രദേശങ്ങളിൽ അക്ഷരാർത്ഥത്തിൽ പ്രാദേശിക ജനതയെ കൊള്ളയടിച്ച് ഹരിതവേട്ട നടത്തിക്കൊണ്ടിരിക്കുന്നത് വമ്പൻ കോർപറേറ്റുകളാണ്. സർക്കാർ ഭാഷ്യത്തിൽ പറഞ്ഞാൽ നക്സലൈറ്റുകൾക്ക് വേരോട്ടമുള്ള പ്രദേശങ്ങൾ. കോർപ്പറേറ്റുകൾക്ക് സുഗമമായ വഴിയൊരുക്കാൻ നക്സൽ ഭീകരതയുടെ പേര് പറഞ്ഞ് ദരിദ്രരായ ജനസമൂഹത്തിന് നേരെ സൈന്യം തോക്കുചൂണ്ടുന്ന കാലമുണ്ടാകുമെന്ന് ജനാധിപത്യ ഇന്ത്യയുടെ സൃഷ്ടാക്കളായ സമാധാന പ്രിയൻമാരുപോലും കരുതിയിട്ടുണ്ടാവില്ല. അത്ഭുതമൊന്നും സംഭവിച്ചില്ല, വിചാരിച്ചതുപോലെതന്നെ കോർപറേറ്റ് വാല പ്രകാശ് കാരാട്ടും സംഘവും നിരായുധനായ പോരാളി ബുദ്ധദേവിനെ മുന്നിൽ നിർത്തി നക്സൽ വേട്ടയ്ക്ക് പിന്തുണയുമായെത്തിയിട്ടുണ്ട്. ഒപ്പം എഡിറ്റോറിയലെഴുതി പ്രോത്സാഹിപ്പിക്കാൻ ദി ഹിന്ദു വിനെപ്പോലെ ഒരു ഉത്തമ മാധ്യമ ചങ്ങാതിയും.

സാമ്പത്തിക മന്ത്രിപട്ടം മാറിയിട്ടും ഉദാരീകരണം നടപ്പാക്കാൻ ആഭ്യന്തരമന്ത്രിയായ ചിദംബരം കണ്ടെത്തിയ പുതിയ വഴികളെ വിശകലനം ചെയ്യുകയാണ് അരുന്ധതി റോയ് ഈ ലേഖനത്തിൽ.

# മന്ത്രി ചിദംബരത്തിന്റെ യുദ്ധങ്ങൾ

അരുന്ധതി റോയി

ഇന്ത്യയെന്ന രാജ്യമോ ഒറീസയെന്ന സംസ്ഥാനമോ ഉണ്ടാവുന്നതിനു വളരെ മുമ്പുതന്നെ തെക്കൻ ഒറീസയിലെ ഉയരം കുറഞ്ഞ, മുകൾവശം നിരപ്പായ മലകൾ ഡോംഗ്രിയ കോന്തുകളുടെ ആവാസസ്ഥാനമായിരുന്നു. മലകൾ കോന്തുകളെ പരിപാലിച്ചു. കോന്തുകൾ മലകളെ ജീവനുള്ള ആരാധനാമൂർത്തിയായാണ് അവർ ഈ മലകളെ കണ്ടത്. ഇപ്പോൾ ഈ മലകളെ കണ്ടത്. ഇപ്പോൾ ഈ മലകൾ അവയിലെ ബോക്സൈറ്റ് നിക്ഷേപത്തിനുവേണ്ടി വിറ്റിരിക്കുകയാണ്. ദൈവത്തെ വിറ്റതുപോലെയാണ്. കോന്തുകൾക്കിത്.

അവരുടെ നിയം രാജയുടെ ഇരിപ്പിടമായ നിയാംഗിരി മലകൾ വാങ്ങിയ കമ്പനിയുടെ പേര് 'വേദാന്ത' എന്നായതിനാൽ ഒരു പക്ഷെ, കോന്തുകൾ നന്ദിയുള്ളവരായിരിക്കും. ലോകത്തെ തന്നെ കൂറ്റൻ ഖനനകമ്പനികളിലൊന്നാണിത്. ഇന്ത്യക്കാരനായ അനിൽ അഗർവാൾ എന്ന കോടിശ്വരനാണ് ഈ കമ്പനിയുടെ ഉടമ. മുമ്പ് ഇറാനിലെ ഷായുടേതായിരുന്ന ലണ്ടനിലെ ഒരു കൊട്ടാരത്തിലാണ് അദ്ദേഹം താമസിക്കുന്നത്. ഒറീസയെ വിഴുങ്ങാൻ തക്കംനോക്കുന്ന കമ്പനികളിലൊന്നാണ് വേദാന്ത.

ഈ മലകൾ നശിപ്പിക്കപ്പെട്ടാൽ അവയെ പൊതിയുന്ന കാടുകളും നശിപ്പിക്കും. അവയിൽനിന്നു പുറപ്പെടുന്ന, താഴ്‌വരകളെ നനയ്ക്കുന്ന പുഴകളും കൈത്തോടുകളും നശിക്കും. ഡോംഗ്രിയ കോന്തുകളും നശിക്കും. ഇത്തരം അക്രമങ്ങൾക്കു വിധേയമായികൊണ്ടിരിക്കുന്ന, വനം തിങ്ങിയ ഇന്ത്യയുടെ ഹൃദയഭൂമിയിലെ ആയിരക്കണക്കിന്, പതിനായിരക്കണക്കിന് ആദിവാസിജനതയും ഇല്ലാതാവും.

നഗരങ്ങളിൽ വസിക്കുന്ന ചിലർ ചോദിച്ചേക്കാം. "അതുകൊണ്ടെന്ത്? പുരോഗതിയുടെ വില ആരെങ്കിലും കൊടുക്കേണ്ടതില്ലേ?" ഈ ചിന്താഗതിക്കൊപ്പം നിന്നാണു സർക്കാർ ഓപറേഷൻ ഗ്രീൻഹണ്ട്

(ഹരിതവേട്ട) മധ്യേന്ത്യയിലെ വനങ്ങളിൽ താവളമുറപ്പിച്ചിരിക്കുന്ന മാവോവാദികൾക്കെതിരെ എന്ന പേരിൽ, പ്രഖ്യാപിച്ചിരക്കുന്നത്. തീർച്ചയായും കലാപമുയർത്തുന്നത് മാവോവാദികൾ മാത്രമല്ല. ഭൂരഹിതർ, ദലിതർ, ഭവനരഹിതർ, തൊഴിലാളികൾ, കർഷകർ, നെയ്ത്തുകാർ രാജ്യം മുഴുവൻ സമരങ്ങളുടെ ഒരു നിരതന്നെ ഉയർന്നു വന്നിട്ടുണ്ട്. മണ്ണും വിഭവങ്ങളും മൊത്തത്തിൽ കൊള്ളചെയ്യുന്ന കോർപറേറ്റ് വൽക്കരണ നയങ്ങളുൾപ്പെടെയുള്ള അനീതികളുടെ പെരുമഴയ്ക്കെതിരെയാണ് അവർ പോരാടുന്നത്. എങ്കിലും മാവോവാദികളും, ഏറ്റവും വലിയ ഭീഷണി എന്നുവിളിച്ചു. സർക്കാർ ഒറ്റപ്പെടുത്തുകയാണ്. രണ്ടു വർഷം മുമ്പ്, കാര്യങ്ങൾ ഇത്ര വഷളാവുന്നതിനു മുമ്പു തന്നെ പ്രധാനമന്ത്രി മാവോവാദികളെ വിശേഷിപ്പിച്ചത് ഏറ്റവും വലിയ ആഭ്യന്തര സുരക്ഷാഭീഷണി എന്നാണ്. അദ്ദേഹത്തിന്റെ ഏറ്റവും പ്രശസ്തവും ഏറ്റവും കൂടുതൽ ആവർത്തിക്കപ്പെടുന്നതുമായ പ്രസ്താവന ഇതാണ്. എന്തുകാരണത്തിലോ, 2009 ജനുവരി ആറിന് മുഖ്യമന്ത്രി സമ്മേളനത്തിൽ അദ്ദേഹം നടത്തിയ മാവേവാദികൾക്കു പരിമിത ശേഷി മാത്രമെയുള്ളുവെന്ന പ്രസ്താവന ശ്രദ്ധ നേടിയില്ല. തന്റെ സർക്കാരിന്റെ യഥാർത്ഥ പ്രശ്നം അദ്ദേഹം പക്ഷേ, വെളിപ്പെടുത്തിയത് 2009 ജൂൺ 18 ന് പാർലമെന്റിലാണ്. “ധാതുസമ്പത്തും മറ്റു വിഭവങ്ങളും ഉള്ളിടങ്ങളിൽ ഇടതു തീവ്രവാദം തഴയ്ക്കുകയാണെങ്കിൽ രാജ്യത്തെ നിക്ഷേപകാന്തരീക്ഷത്തെ തീർച്ചയായും അതു ബാധിക്കും.

ആരാണു മാവോവാദികൾ? നിരോധിക്കപ്പെട്ട കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാവോയിസ്റ്റ്) യിലെ അംഗങ്ങളാണവർ 1969 ലെ നക്സലൈറ്റ് കലാപത്തിനു നേതൃത്വം കൊടുക്കുകയും തുടർന്നു സർക്കാരിനാൽ തുടച്ചുനീക്കപ്പെടുകയും ചെയ്ത കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ(മാർക്സിറ്റ് -ലെനിനിസ്റ്റ്) യുടെ അനേകം പിൻഗാമികളിലൊന്ന്. ഇന്ത്യൻ സമൂഹത്തിലെ സഹജമായ ഘടനാപരമായ അസമത്വങ്ങൾ ബലപ്രയോഗം വഴി ഭരണകൂടത്തെ വലിച്ചെറിയുന്നതിലൂടെ മാത്രമെ പരിഹരിക്കാൻ കഴിയുവെന്നാണു മോവോവാദികൾ വിശ്വസിക്കുന്നത്.

മാവേവാദികളുടെ മുൻഗാമികളായ ജാർഖണ്ഡിലെയും ബിഹാറിലെയും മാവോയിസ്റ്റ് കമ്മ്യൂണിസ്റ്റ് സെന്ററിനും ആന്ധ്രയിലെ പീപ്പിൾസ് വാർ ഗ്രൂപ്പിനും വമ്പിച്ച ജനപിന്തുണയുണ്ടായിരുന്നു (2004ൽ ചെറികാലത്തെക്കു നിരോധനം പിൻവലിച്ചപ്പോൾ വാറാംഗലിൽ അവരുടെ റാലിയിൽ 15 ലക്ഷത്തോളം പേരാണു പങ്കെടുത്തത്). എങ്കിലും ആന്ധ്രാപ്രദേശിലെ അവരുടെ ഇടപെടലുകൾ വഷളായാണു കലാശിച്ചത്. അവർ അവശേഷിപ്പിച്ച ഹിംസയുടെ പാരമ്പര്യം അതിന്റെ കടുത്ത അനുയായികളിൽ ചിലരെയെങ്കിലും കടുത്ത വിമർശകരാക്കി. ആന്ധ്രാ പോലീസും പി.ഡബ്ല്യൂ.ജി.യും തമ്മിൽ നടത്തിയ അറപ്പിക്കുന്ന കൊലയുടെയും പ്രതികാരത്തിന്റെയും ഒരു കാലത്തിനുശേഷം അതില്ലാതായി. അതിജീവിച്ചവർ ആന്ധ്രവിട്ട് അയൽ സംസ്ഥാനമായ ഛത്തീസ്ഗഡിലേക്കു രക്ഷപ്പെട്ടു.

പുറത്തുള്ള അധികം പേർക്കും വനത്തിനുള്ളിലെ മാവോവാദി പ്രവർത്തനങ്ങളെ കുറിച്ചു നേരനുഭവങ്ങളില്ല. വിട്ടുവീഴ്ചയില്ലാത്തവരും ഏകാധിപത്യവീക്ഷണങ്ങളുള്ളവരും എതിർദിശബ്ദങ്ങളെ വച്ചുപൊറുപ്പിക്കാത്തവരുമാണ് മാവോവാദികൾ എന്നതാണു പൊതുവെയുള്ള കാഴ്ച്ചപ്പാട്. ഈ മനോഭാവത്തെ മാറ്റാൻ അവരുടെ ഉന്നതനേതാക്കളിലൊരാളായ ഗണപതിയുടെ, അടുത്തകാലത്ത് ഓപ്പൺ മാസികയിൽ വന്ന അഭിമുഖവും സഹായിക്കുന്നില്ല. അധികാരത്തിലെത്തുകയാണെങ്കിൽ നൂറായിരം ജാതികൾ നിറഞ്ഞ ഇന്ത്യൻ സമൂഹത്തിന്റെ ഭ്രാന്തായ വൈവിധ്യങ്ങളെ നേരിടാൻ അവർ പ്രാപ്തരാണ് എന്നു തോന്നിപ്പിക്കുന്ന ഒന്നും അതിലുണ്ടായിരുന്നില്ല.

മധ്യേന്ത്യയിലെ മാവോവാദി ഗറില്ലാ സൈന്യത്തിലെ ഇപ്പോഴത്തെ പടയാളികൾ പ്രതീക്ഷയറ്റ ദാരിദ്ര്യത്തിൽ കഴിയുന്ന ഗോത്ര ജനതയാണ്. സഹാറ മരുഭൂമിയുടെ പരിസരത്തെ ആഫ്രിക്കൻ രാജ്യങ്ങളിലെ ക്ഷാമത്തിന്റെ വക്കിലെത്തി നിൽക്കുന്ന ജനങ്ങളോടു മാത്രമെ ഇവിടത്തെ ജനങ്ങളുടെ പട്ടിണിയെ താരതമ്യം ചെയ്യാനാവു. പ്രകീർത്തിക്കപ്പെടുന്ന, സ്വാതന്ത്ര്യത്തിന്റെ 60 വർഷത്തിനുശേഷവും വിദ്യാഭ്യാസ സൗകര്യങ്ങളോ നിയമപരിരക്ഷയോ ലഭ്യമാവാത്ത ജനതയാണ് ഇവർ ദശകങ്ങളായി കരുണയറ്റ ചൂഷണത്തിനു വിധേയരാവുന്ന, ചെറു കച്ചവടക്കാരാലും നിരന്തരം കബളിപ്പിക്കപ്പെടുന്ന ജനതയാണിവർ. ഒരു അവകാശമെന്നപ്പോലെ ഇവരുടെ സ്ത്രീകളെ പോലീസ് - വനംവകുപ്പ് ഉദ്യോഗസ്ഥർ മാനഭപ്പെടുത്തുന്നു.

മധ്യേന്ത്യയിലെ മാവോവാദി ഗറില്ലാ സൈന്യത്തിലെ ഇപ്പോഴത്തെ പടയാളികൾ പ്രതീക്ഷയറ്റ ദാരിദ്ര്യത്തിൽ കഴിയുന്ന ഗോത്ര ജനതയാണ്. സഹാറ മരുഭൂമിയുടെ പരിസരത്തെ ആഫ്രിക്കൻ രാജ്യങ്ങളിലെ ക്ഷാമത്തിന്റെ വക്കിലെത്തി നിൽക്കുന്ന ജനങ്ങളോടു മാത്രമെ ഇവിടത്തെ ജനങ്ങളുടെ പട്ടിണിയെ താരതമ്യം ചെയ്യാനാവു. ഒരു അവകാശമെന്നപ്പോലെ ഇവരുടെ സ്ത്രീകളെ പോലീസ് - വനംവകുപ്പ് ഉദ്യോഗസ്ഥർ മാനഭംഗപ്പെടുത്തുന്നു. അന്തസ്സ് എന്നു കരുതാവുന്ന എന്തെങ്കിലും അവർ നേടിയിട്ടുണ്ടെങ്കിൽ അത് അവർക്കിടയിൽ ജീവിക്കുന്ന, അവരൊടൊപ്പം പണിയെടുക്കുന്ന പൊരുതുന്ന, മാവോവാദി കേഡറുകളെക്കൊണ്ടാണ്.

അന്തസ്സ് എന്നു കരുതാവുന്ന എന്തെങ്കിലും അവർ നേടിയിട്ടുണ്ടെങ്കിൽ അത് അവർക്കിടയിൽ ജീവിക്കുന്ന, അവരൊടൊപ്പം പണിയെടുക്കുന്ന പൊരുതുന്ന, മാവോവാദി കാഡറുകളെക്കൊണ്ടാണ്.

ഗോത്രജനത ആയുധമെടുത്തെങ്കിൽ അതിനു കാരണം അക്രമവും അനീതിയും അവഗണനയും മാത്രം തങ്ങളോടു കാട്ടിയ, അവശേഷിപ്പിച്ച അവസാനത്തെ ആശ്രയമായ തങ്ങളോടു കാട്ടിയ, അവശേഷിച്ച അവസാനത്ത ആശ്രയമായ തങ്ങളുടെ മണ്ണുകൂടി തട്ടിയെടുക്കുന്ന സർക്കാർ തന്നെയാണ്. 'വികസനം' മാത്രമാണ് തങ്ങൾ ആഗ്രഹിക്കുന്നതെന്നു സർക്കാർ പറയുമ്പോൾ അവർ അതു വിശ്വസിക്കുന്നില്ല. ദന്തവാദെ വനങ്ങളിലൂടെ വിമാനത്താവളത്തിലെ റൺവെ പോലെ വീതിയുള്ള പരന്ന റോഡുകൾ നാഷനൽ ഹൈവെ ഡവലപ്മെന്റ് കോർപറേഷൻ പണിയുന്നത് തങ്ങളുടെ കുട്ടികൾക്കു വിദ്യാലയങ്ങൾക്ക് നടക്കാനാണെന്ന് അവർ വിശ്വസിക്കുന്നില്ല തങ്ങളുടെ മണ്ണിനുവേണ്ടി പൊരുതിയില്ലെങ്കിസൽ തങ്ങൾ ഉന്മൂലനം ചെയ്യപ്പെടുമെന്ന് അവർ വിശ്വസിക്കുന്നു അതുകൊണ്ടാണവർ ആയുധമെടുത്തിരിക്കുന്നത്.

മാവോയിസ്റ്റുകൾ ഭരണകൂടത്തെ വലിച്ചെറിയാസനാണ് ആയുധമെടുത്തിരിക്കുന്നത്. എങ്കിലും അവർക്കറിയാം. ജീവിതത്തിലൊരിക്കലും. തീവണ്ടി കാണാത്ത, ഒരു കൊച്ചുപട്ടണം പോലും കാണാത്ത എണീറ്റുനിൽക്കാനുള്ള ശേഷിപോലുമില്ലാത്ത തങ്ങളുടെ കീറത്തുണി പട്ടാളം പൊരുതുന്നത് അവരുടെ നിലനിൽപ്പിനുവേണ്ടിയാണെന്ന്.

2008ൽ പ്ലാനിങ്ങ് കമ്മീഷൻ നിയോഗിച്ച ഒരു വിദഗ്ധസംഘം 'തീവ്രവാദിബാധിത പ്രദേശങ്ങളിലെ വികകസന വെല്ലുവിളികൾ എന്ന പേരിൽ ഒരു പഠന റിപോർട്ട് സമർപ്പിച്ചിരുന്നു. അതിൽ പറയുന്നത്, നക്സലൈറ്റ് (മാവോവാദി) പ്രസ്ഥാനത്തെ ഭൂരഹിതരും ദരിദ്രരുമായ കർഷകർക്കും ആദിവാസികൾക്കുമിടയിൽ ശക്തമായ അടിത്തറയുള്ള ഒരു രാഷ്ട്രീടപ്രസ്ഥാനമായി അംഗീകരിക്കണമെന്നാണ്. "അതിന്റെ ആവിർഭാവത്തെയും വളർച്ചയെയും അതിൽ പങ്കാളികളായ ജനങ്ങളുടെ സാമൂഹികവ്യവസ്ഥയുടെയും അനുഭവത്തിന്റെയും അടിസ്ഥാനത്തിൽ വേണം വിലയിരുത്താൻ. അതിന്റെ ദീർഘകാല ലക്ഷ്യം ബലപ്രയോഗത്തിലൂടെ ഭരണാധികാരം നേടുകയാണെങ്കിലും അവരുടെ ദൈനംദിനപ്രവർത്തനങ്ങളെ സാമൂഹികനീതിക്കും സമത്വത്തിനും സുരക്ഷയ്ക്കും പ്രാദേശിക വികസനത്തിനുമായുള്ള പോരാട്ടമായി വേണം കാണേണ്ടത്.'' റിപ്പോർട്ട് തുടരുന്നു.

"ഏറ്റവും വലിയ 'ആഭ്യന്തര സുരക്ഷാഭീഷണിയിൽനിന്ന് ഏറെ അകലെയാണിത്. മാവോവാദി കലാപം ഇന്നത്തെ മുഖ്യ ചർച്ചാവിഷയമാവുന്നതുകൊണ്ട് ഏറ്റവും മിനുത്ത തടിയൻ പൂച്ചതൊട്ട് ഏറ്റവും കൂടുതൽ വിൽക്കുന്ന ഏറ്റവും ദോഷൈകദൃക്കായ പത്രാധിപർ വരെ, ദശകങ്ങളായി അടിഞ്ഞുകൂടിയ അനീതികളാണ് പ്രശ്നങ്ങളുടെ വേര് എന്നു സമ്മതിക്കാൻ തയ്യാറാവുമെന്നു തോന്നുന്നു. എന്നാൽ പ്രശ്നത്തെ നേരിടുന്നതിനു പകരസംവാദത്തെ തികച്ചും വ്യത്യസ്തമായ മറ്റൊരു ദിശയിലേക്ക് മാവോവാദി 'ഭീകരതയെപ്പറ്റിയുള്ള വിശുദ്ധക്ഷോഭത്തിന്റെ ശബ്ദമാനമായ ഗോഷ്ടികളിലേക്കു വഴിതിരിച്ചു വിടുന്നു. പ്രശ്നത്തെ നേരിടുകയാണെങ്കിൽ 21-ാം നൂറ്റാണ്ടിലെ നിധിവേട്ടയ്ക്കു ബ്രേക്കിടുകയാണെന്ന് അവർക്കറിയാം, പക്ഷെ അവർ അവരോടുതന്നെയാണ് സംസാരിക്കുന്നതെന്നു മാത്രം.

*പരിഭാഷ: നോബിൾ പൈകട,*
*തേജസ്സ്*

## 40 വർഷത്തിനുശേഷം കാട്ടാമ്പള്ളിയിൽ കെയ്ത്തുത്സവം

കണ്ണൂർ: വാരം കടാങ്കോട് കുഞ്ഞിമാമുവിന്റെ പാടത്ത് കൊയ്തുപാട്ട് ഉയരും മുമ്പേ വരമ്പത്തെ വീട്ടുമുറ്റത്ത് പായസം തിളച്ചു തുടങ്ങിയിരുന്നു. കോഴിക്കോടു നിന്നെത്തിയ വൃക്ഷമിത്ര അവാർഡ് ജേതാവ് പ്രൊഫ. ശോഭീന്ദ്രനും, കുഞ്ഞിമാമുവിന്റെ കൊച്ചുമക്കളായ നാലു വയസ്സുകാർ മുനഫറും മിർസാഹും എല്ലാം ആഹ്ലാദത്തോടെ കാത്തിരുന്നു. കൊയ്ത്തു തുടങ്ങാൻ വിളഞ്ഞു നില്ക്കുന്ന നെല്ല് കുഞ്ഞിമാമുവിന്റെയും ശോഭീന്ദ്രന്റെയും മനം നിറച്ചപ്പോൾ പായസം മുനഫറിന്റെയും മിർസാ ഹിന്റെയും വയർ നിറച്ചു.

ഓരുവെള്ളം കയറിയ കാട്ടാമ്പള്ളി പദ്ധതി പ്രദേശത്ത് 40 വർഷത്തിനുശേഷം നടന്ന വിളവെടുപ്പിൽ പങ്കാളികളാകാനും കാണാനും ഭിന്നമേഖലകളിലെ നൂറുകണക്കിന് ആളുകളാണ് ഒത്തുകൂടിയത്. കൃഷി ഡെപ്യൂട്ടി ഡയറക്ടർ അശോക് കുമാർ തെക്കന്റെ നേതൃത്വത്തിൽ ഉദ്യോഗസ്ഥരും ജില്ലാ പരിസ്ഥിതി സമിതി സെക്രട്ടറി ഭാസ്കരൻ വെള്ളൂർ, സീക്ക് സെക്രട്ടറി വി. സി. ബാലകൃഷ്ണൻ, കണ്ണപുരം ജൈവ കർഷക സമിതിയിലെ വി. സി. വിജയൻ എന്നിവരുടെ നേതൃത്വത്തിൽ പരിസ്ഥിതി പ്രവർത്തകരും ചേലോറ കൃഷി ഓഫീസർ എം. ആർ അശിതയുടെ നേതൃത്വത്തിൽ കാട്ടാമ്പള്ളി തൊഴിൽ സേനയും പ്രൊഫ. എം. മൂസയുടെ നേതൃത്വത്തിൽ കാട്ടാമ്പള്ളി കർഷക പരിസ്ഥതി സമിതി പ്രവർ ത്തകരും കൊയ്തിൽ പങ്കാളിയായി. മുൻ ഡി. എഫ്. ഒ. എം. ജയരാജനും പ്രൊഫ. ശോഭീന്ദ്രനും കൊയ്യാനെത്തി. നവംബർ 19ന് 16 കറികളുമായി പുത്തരി സദ്യ നടത്തുമെന്ന് കാട്ടാമ്പള്ളി കർഷക പരിസ്ഥിതി സംരക്ഷണ സമിതി പ്രസിഡന്റ് എ. കെ. കുഞ്ഞി മാമു അറിയിച്ചു.